## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5218 — 06-02-2014 ന് മറുപടിയ്ക്ക്

### കളത്തുപ്പുഴയിൽ ആരംഭിച്ച മണൽ കലവറ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. രാജു** | **ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) വനം വകുപ്പിന്റെയും നിർമ്മിതിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ മുൻ സർക്കാരിന്റെ കാലത്ത് കളത്തുപ്പുഴയിൽ ആരംഭിച്ച മണൽ കലവറ അടച്ചിട്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ 'കലവറ' തുറന്ന് പ്രവർത്തിക്കുവാനും സാധാരണക്കാർക്ക് നിശ്ചിത വിലയ്ക്ക് മണൽ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ വനം വകുപ്പ് സ്വീകരിക്കുമോ? | (ബി) കളത്തുപ്പുഴയിലെ 'കലവറ' മണൽ വിതരണത്തിൽ ചില അപാകതകൾ കണ്ടെത്തിയതിനെ തുടർന്ന് 'കലവറ' വഴിയുള്ള ആറ്റുമണൽ ശേഖരണവും വിതരണവും വിപണനവും ഇനി തുടരേണ്ടതില്ലെന്നും, പകരം ഗാർഹിക ആവശ്യങ്ങൾക്ക് വന സംരക്ഷണ സമിതികൾ വഴി വനം വകുപ്പ് നേരിട്ട് മണൽ ശേഖരിച്ച് വിപണനം ചെയ്യുന്നതിനും 16-01-2013 ൽ സർക്കാർ ഉത്തരവായിരുന്നു. അതനുസരിച്ച് 24-12-2013 വരെ മണൽ ശേഖരണവും വിതരണവും നടത്തിയിരുന്നു. എന്നാൽ ദേശീയ ഹരിത ട്രൈബ്യൂണലിന്റെ 29-08-2013 ലെ വിധിയനുസരിച്ച് 25-12-2013 മുതൽ മണൽ വിതരണം താല്ക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. |

Ajithsal

സെക്ഷൻ ഓഫീസർ

4